**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2034** **06-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണവം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കണ്ണവം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി വനം വകുപ്പിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | കണ്ണവം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി വനം വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന കണ്ണവം വില്ലേജിൽ സർവ്വേ നമ്പർ 9/7 ൽ ഉൾപ്പെട്ട 0.1092 ഹെക്ടർ ഭൂമി പോലീസ് വകുപ്പിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്തിന് റോഡ് സൗകര്യമില്ലാത്തതിനാൽ റോഡ് നിർമ്മാണത്തിനും അനുബന്ധ വിപുലീകരണത്തിനുമായി രണ്ട് ഭാഗങ്ങളിലായി സർവ്വേ നമ്പർ 9/4 ൽ ഉൾപ്പെട്ട 0.1057 ഹെക്ടർ ഭൂമിയും മാവോയിസ്റ്റ് ഭീഷണിയിലുള്ള പോലീസ് സ്റ്റേഷൻ ആയതിനാൽ വാച്ച് ടവർ നിർമ്മിക്കുന്നതിനായി സർവ്വേ നമ്പർ 9/8 B യിൽ ഉൾപ്പെട്ട 0.0121 ഹെക്ടർ ഭൂമിയും ചേർത്ത് ആകെ 0.1178 ഹെക്ടർ സ്ഥലം അനുവദിച്ചു കിട്ടുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ 'PARIVESH'-ൽ 24.06.2022 ൽ അപേക്ഷ സമർപ്പിക്കുകയും ആയത് വനം വകുപ്പിന്റെ പരിശോധനയിലുമാണ്. |
| (ബി) | സ്ഥലമേറ്റെടുക്കൽ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനായി പ്രസ്തുത വിഷയം ഫോറസ്റ്റ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ